# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 148 — 01.12.2014-ൽ മറുപടിക്ക്

## മത്സ്യതൊഴിലാളി കടാശ്വാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ശശി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4000 രൂപ മുതൽ 15000 രൂപ വരെ വായ്പയായി അനുവദിച്ച തുക പൂർണ്ണമായി എഴുതിതള്ളി വസ്തുവിന്റെ പ്രമാണം തിരികെ നൽകിയ വകയിൽ എത്ര കോടി രൂപ അനുവദിച്ചുവെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വായ്പയായി അനുവദിച്ചതിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയായ 1182.60 ലക്ഷം രൂപ പൂർണ്ണമായി എഴുതിത്തള്ളി വസ്തുവിന്റെ പ്രമാണം അർഹരായവർക്ക് മത്സ്യഫെഡ് ജില്ലാ ഓഫീസുകൾ മുഖേന തിരികെ നൽകിയിട്ടുണ്ട്. 15.12.2009 ലെ ജി.ഒ.(എം.എസ്) 78/09/F&PD നം. ഉത്തരവ് പ്രകാരം ടി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | മത്സ്യഫെഡിൽ നിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങിയ വകയിലുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും എഴുതിതള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെത്ര കോടി രൂപ ചെലവഴിച്ചുവെന്നും അതെന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 115.03 കോടി രൂപ 12.03.2010, 23.03.2011 തീയതികളിലായാണ് അനുവദിച്ചത്. |
| (സി) | പ്രാഥമിക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 241.15 കോടി രൂപയും, മത്സ്യഫെഡ് വഴി NBCFDC, MMDFC വായ്പകൾക്കും മത്സ്യതൊഴിലാളികളുടെ തനത് ഫണ്ടിൽ നിന്നുള്ള വായ്പകളടക്കം കടാശ്വാസം നൽകുന്നതിന് 12.44 കോടി രൂപയും അനുവദിച്ച് കൊണ്ട് സർക്കാർ ഉത്തരവുണ്ടായതെന്നാണ്; പ്രസ്തുത ഉത്തരവ് പ്രകാരം 100 കോടി രൂപ അനുവദിച്ചതിൽനിന്നും മത്സ്യ ഫെഡിന് എത്ര രൂപ എന്ന് അനുവദിച്ചുവെന്നും സഹകരണ വകുപ്പ് രജിസ്ട്രാർക്ക് എത്ര രൂപ എന്ന് അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | 31.12.2007 നു മുമ്പ് മത്സ്യഫെഡ് വഴി NBCFDC/NMDFC വായ്പകൾക്കും മത്സ്യത്തൊഴിലാളികൾ പ്രാഥമിക സഹകരണ സംഘങ്ങളുടെ തനത് ഫണ്ടിൽ നിന്ന് എടുത്ത വായ്പകൾക്കുമടക്കം കടാശ്വാസം നൽകുന്നതിനായുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് സ.ഉ.(പി)നം. 91/2010/മത്സ്യ പ്രകാരമാണ്. 2010-11 ൽ അനുവദിച്ച 100 കോടി രൂപയിൽ 11.786 കോടി രൂപ മത്സ്യഫെഡിനും 44.37 കോടി രൂപ സഹകരണ വകുപ്പിനും 2010-11 സാമ്പത്തികവർഷത്തിൽ അനുവദിച്ച് നൽകി. ബാക്കിയുള്ള തുകയായ 49.7 കോടി രൂപ രണ്ടാം ഗഡുവായി 2011-12 വർഷത്തിൽ സഹകരണ വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ബാക്കി തുക ഗഡുക്കളായി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ വീതം 3 ഗഡുക്കളായി മത്സ്യഫെഡിനും, സഹകരണ രജിസ്ട്രാർക്കും അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ഡി) | മത്സ്യഫെഡിന് 11.78 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ വകുപ്പിന് 2010-11 വർഷത്തിൽ 44.37 കോടി രൂപ ആദ്യഗഡുവായും 2011-12 വർഷത്തിൽ 49.7 കോടി രൂപ രണ്ടാം ഗഡുവായും അനുവദിച്ചുനൽകി. |
| (ഇ) | കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം എത്ര പേർക്കാണ് കടാശ്വാസം നൽകുന്നത്; ഇതിൽ എത്രപേർക്ക് കടാശ്വാസം നൽകിയെന്നും ഇനി എത്ര പേർക്ക് കടാശ്വാസം നൽകാനുണ്ടെന്നും, അതിന് എത്ര രൂപ വേണ്ടി വരുമെന്നും അതനുവദിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ? | (ഇ) | കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 66,363 പേർക്കാണ് കടാശ്വാസം നൽകേണ്ടത്. ഇതിൽ മത്സ്യഫെഡ് മുഖേന 9740 ഗുണഭോക്താക്കൾക്കും സഹകരണ വകുപ്പ് മുഖേന 38304 ഗുണഭോക്താക്കൾക്കും കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനി നാഷണലൈസ്ഡ് ബാങ്ക് ഉൾപ്പെടെയുള്ള കടങ്ങളിലായി 18319 പേർക്ക് കടാശ്വാസം അനുവദിച്ച് നൽകേണ്ടതുണ്ട്.<br>സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് 4027 അംഗങ്ങൾക്ക് കടാശ്വാസം നൽകുന്നതിനായി 9.50 കോടി രൂപയുടെ പ്രൊപ്പോസൽ സഹകരണ വകുപ്പ് രജിസ്ട്രാർ 17.11.14 ലും മത്സ്യഫെഡ് മുഖേന 328 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 83 ലക്ഷം രൂപയുടെ പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് 18.11.14 ലും, ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ